# മഴവില്ല്

# AKAVOOR HIGH SCHOOL
# SREEMOOLANAGARAM





AKAVOOR HIGH SCHOOL




# EDITORIAL BOARD

## MESSAGE FROM SCHOOL HEADMISTRESS

I am experiencing am immeeassurable happiness for being fortunate to present this message.I am proud of this school for providing various co- curricular activities for our students. This magazine is such a product of hard work, enthusiasm and modern technology.I appreciate all the Little Kites members who have participating for the preparation of this magazine.

School Headmistress
Deepa Sukumar


FIDHA FAISAL
X C
"മഴയും വേണം
കുടയും വേണം,,
കുടിയും വേണം
കുടിയിലൊത്തിരി
തീയും വേണം.,
കരളിലൊരിത്തിരി
കനിവും വേണം.,
കള്ളിലൊത്തിരി കാശും
വേണം
ജീവിതമെന്നാൽ പരമാനന്ദം..."

# മഴ



മാനത്തിൻ്റ്

സന്തോഷക്കണ്ണീരോ

അതോ സങ്കടക്കണ്ണീരോ....

മണ്ണിനവൾ കുളിരാണ്

പ്രാണനാണ്

ജീവൻ്റ് വേരോടലാണ്....

പുറമേയും അകമേയും സാന്ത്വനത്തിൻ്റ്

തലോടലാണ്....

ഇണങ്ങിയും പിണങ്ങിയും എൻ്റ്യുള്ളിലെ

പ്രിയ കൂട്ടുകാരിയാണവൾ....

മാനത്തിൻ്റ് പ്രിയ പുത്രിയാമവളെ

ഞാനെന്നും കാത്തിരിക്കു

എൻ്റ് ചങ്ങാതി മഴയെ....

എൻ്റ് സുന്ദരി മഴയെ....

-ഭദ്ര സോമൻ


Sana Fathima KS IX B

# അവധിക്കാല യാത്ര

അവധിക്കാലത്തിനായി കാത്തിരിക്കുകയായിരുന്നു ഗീതു.

കാത്തിരിപ്പിനൊടുവിൽ അവൾ കാത്തിരുന്ന അവധിക്കാലം വന്നെത്തി, ഗീതു താമസിച്ചിരിന്നത് ഒരു വലിയ പട്ടണത്തിലായിരുന്നു അവൾക്ക് അവിടെ കളിക്കാൻ കൂട്ടുകാർ ഉണ്ടായിരുന്നില്ല. ഇതുകൊണ്ട്തന്നെ ഗീതുവിന് വളരെ നിരാശയായിരുന്നു. ഒരു ദിവസം സന്ധ്യക്ക് അച്ഛനും അമ്മയും ഗീതുവിന് സന്തോഷമുണ്ടാകുന്ന ഒരു വാർത്തയുമായാണ് അന്ന് വീട്ടിലേക്ക് വന്നത്.അത് അവളുടെ അച്ഛന് ഓഫീസ് വർക്കിനുവേണ്ടി കുറച്ച ദിവസത്തിലേക്ക് പാലക്കാട് വരെ ഒന്ന് പോണം.അച്ഛനും അമ്മയും ഗീതുവിനും ഉൾപ്പെടുത്തി ചെറിയ ഉല്ലാസയാത്രക്കായി തയ്യാറെടുപ്പുകൾ നടത്താൻ പോവുകയാണ്. അങ്ങനെ കുറച്ച് ദിവസങ്ങൾ കടന്ന്പോയി.

യാത്രക്കുള്ള തയ്യാറിടുപ്പുകളെല്ലാം കഴിഞ്ഞു. അവൾ യാത്ര പോകുവാൻ പോവുകയാണ്. വണ്ടിയിൽ കയറിയ ഗീതു ആദ്യം ഉറക്കമായിരുന്നുവെങ്കിലും പിന്നീട് അതിരാവിലത്തെ ആ കുളിർമ്മ പങ്കെടുന്ന കാറ്റ് അവളെ മെല്ലെ തഴുകി അങ്ങനെ അവൾ ഉറക്കത്തിൽ നിന്ന് ഉണർന്നു. മൊട്ടപ്പാറകളിൽ തട്ടി ചുരം വഴി **ചീറ്റിവരുന്ന ചുട്ടുകാറ്റിന്റെ നിരന്തരമായ കലമ്പലാണ് പാലക്കാടിന്റെ ആധാരശ്രുതി. നഗരമധ്യത്തിലൂടെ നടക്കുമ്പോൾ ഇരുവശത്തും പച്ചവിരിച്ച നെൽപാടങ്ങൾ കാണാം അവിടെ. മരങ്ങൾ വളരെ കുറവുള്ള സ്ഥലം കൂടിയാണ് പാലക്കാട്. ഗീതുവിന് കാഴ്ചകൾ എല്ലാം വളരെ ഇഷ്ടമായി. ഗീതു കാഴ്ചകളെല്ലാം ഒരുപാട് ആസ്വദിക്കുകയും ഇതെല്ലാം**

അവളെ ആനന്ദിപ്പിക്കുകയും ചെയ്തു. പാലക്കാടിൽ കാണാൻ സാദിക്കുന്ന ഏറ്റവും വലിയ കാഴ്ച അഗ്രഹങ്ങൾ ചരിത്രത്തെ ബഹുമാനിക്കുന്ന സംസ്കാരം. ഇതെല്ലാം പാലക്കാടിന്റ ഏറ്റവും വലിയ പ്രതേകതയായിരുന്നു.

sreerudra-VII C


വായനശാല വരെ അമ്മ.....
രണ്ടാളും എവിടെ പോകുന്നു
ഡോറ ഞാനും വരുന്നു
-3-
Gangalakshm

# കഥ

പണ്ട് മിസ്റ്റിക്ക് ഫോൾസ് എന്ന സ്ഥലത്ത് ഗ്രേസ് എന്ന ഒരു പെൺകുട്ടി ജിവിച്ചിരുന്നു. ആരോരുമില്ലാത്ത അവൾ ഒരു അനാഥയായിരുന്നു. ജിവിതം മുന്നോട്ട് കൊണ്ടുപോകാൻ അവൾ ഒരുപാട് ബുദ്ധിമിട്ടി. വലുതാകുമ്പോൾ ഒരു ഡോക്ടർ ആകണം എന്ന മോഹം അവളിൽ നിലനിന്നിരുന്നു. എന്നാൽ ഗ്രേസിന്റെ സാഹചര്യങ്ങൾ വളരെ പ്രതികൂലമായിരുന്നു. തന്റെ ജീവിതം മുന്നോട്ട് കൊണ്ടുപോകാൻ അവൾ ഒരു വീട്ടിൽ ജോലിക്കു നിന്നിരുന്നു. ആ വീട്ടുടമസ്ഥൻ ഒരു വലിയ പണക്കാരനായിരുന്നു. ജെറമി എന്നായിരുന്നു അയാളുടെ പേര്. യാതൊരു ദയവും ഇല്ലാത്തവനായിരുന്നു ജെറമി. ഒരിക്കൽ ഗ്രേസ് പച്ചക്കറി വാങ്ങാനായി ചന്തയിൽ പോയി. അവൾ അവിടെ ഒരു ദയനീയമായ കാഴ്ച്ച കണ്ടു. ഒരു അന്ധനായ കുട്ടി തന്റെ ജിവിതമാർഗ്ഗം കണ്ടെത്താനായി അവിടെ നിന്നു ഗാനം ആലപിക്കുന്നു. എന്നാൽ ആരും അവനെ സഹായിക്കുവാനോ അവന്റെ മനോഹരമായ ഗാനം ശ്രവിക്കുവാനോ തയ്യാറായില്ല, എല്ലാവരും അവരവരുടെ ജോലിയിൽ മുഴുകിയിരിക്കുകയാണ്. ഇതുകണ്ട ഗ്രേസ് തന്റെ കയ്യിലിരുന്ന പണം അവന് നൽകി ഒന്നും പറയാതെ അവിടെ നിന്ന് പോകുന്നു

ഒരു രാത്രി, മഴയും മിന്നലുമുള്ള രാത്രി ഗ്രേസ് തന്റെ ജോലി ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. അപ്പോഴാണ് പെട്ടെന്ന് പുറത്ത് കുറേ കാറുകൾ വന്നു നിർത്തിയ ശബ്ദം അവൾ കേട്ടത്. ഗ്രേസ് പുറത്തു ചെന്നു നോക്കിയപ്പോൾ അത് ജെറമിയും അവന്റെ കൂട്ടുകാരുമായിരുന്നു. ഗ്രേസിന്റെ മനസ്സിൽ എന്തോ ഒരു ഭയം പൊടുന്നനെ ഉടലെടുത്തു. പെട്ടെന്നു തന്നെ ജെറമിയുടെ പരുങ്ങിയ ശബ്ദം അവളുടെ കാതിലെത്തി. " വേഗം ഭക്ഷണമുണ്ടാക്കു". അവൾ ധൃതിയിൽ

അടുക്കളയിലേക്കു പോയി, ആരോ തന്നെ പിന്തുടരുന്നുണ്ടെന്ന ചിന്ത അവളിൽ ഉണർന്നു. തിരിഞ്ഞു നോക്കിയപ്പോൾ ജെറമിയുടെ കൂട്ടുകാരൻ ഇവാൻ ആയിരുന്നു. ഇവാൻ-ന്റെ പെരുമാറ്റം ഗ്രേസിന് ഒട്ടും തന്നെ പിടിച്ചില്ല. പൊടുന്നനെ ഇവാൻ ഗ്രേസിനെ ആക്രമിച്ചു അവൾ അവന്റെ പിടിയിൽ നിന്നും കുതറിയോടി, ഓടി ഓടി അവൾ ഒരു വീടിന്റെ മുന്നിലെത്തി ഗ്രേസിനെ കണ്ട് ഒരു ആൾ അവളുടെ അരികിലെത്തി, അവന്റെ പേര് സ്റ്റെഫൻ എന്നായിരുന്നു അദ്ദേഹം ഒരു പട്ടാളക്കാരനായിരന്നു. ഗ്രേസിനോടു എന്തുപറ്റി എന്ന് സ്റ്റെഫൻ ചോദിക്കുന്നു. അവൾ നടന്നതുമുഴുവനും സ്റ്റെഫനോട് പറയുന്നു. സ്റ്റെഫൻ അവളെ വീട്ടിലേക്കു കൂട്ടികൊണ്ടുപോകുന്നു, അവൾക്ക് ഭക്ഷണം കൊടുത്തു. അവർ പരസ്പരം കാര്യങ്ങൾ പറയുന്നു. പറഞ്ഞു വന്നപ്പോൾ സ്റ്റെഫനും ഒരു അനാഥനായിരുന്നു. സ്റ്റെഫന് ഗ്രേസിനോട് വല്ലാത്ത ഇഷ്ടവും ദയയും തോന്നി. അവൻ അവളോട് തന്റെ കൂടെ നിൽക്കുന്നോ എന്ന് ചോദിക്കുന്നു. ഗ്രേസിന് അപ്പോൾ എന്തെന്നില്ലാത്ത സന്തോഷം തോന്നി. അവൾ ഒന്നും ആലോചിക്കാതെ  സമ്മതം മൂളുന്നു. സ്റ്റെഫൻ അവളെ പഠിപ്പിച്ചു, അവൾക്ക് ചെയ്തു കൊടുത്തു

വർഷങ്ങൾ കടന്നു പോയി ഗ്രേസ് ഒരു ഡോക്ടറായിരിക്കുന്നു. അവൾക്ക് പറഞ്ഞറിയിക്കാനാവാത്ത സന്തോഷമുണ്ടായി അവൾ സ്റ്റെഫനെ പുണർന്നു. അവർ പരസ്പരം ഇഷ്ടത്തിലാവുന്നു. വിവാഹം കഴിക്കാൻ തീരുമാനിക്കുന്നു. ഒരിക്കൽ ഗ്രേസ് ആശുപത്രിയിൽ ജോലി ചെയ്തുകൊണ്ടിരുന്നപ്പോൾ, ഒരു എമർ ജെൻസി കേസ് വരുന്നു, മുഖം തിരിച്ചറിയാനാവാത്ത വിധം രക്തം കൊണ്ടു മൂടിയിരിക്കുകയായിരുന്നു ആ രോഗിയുടെ മുഖം. രക്തമെല്ലാം തുടച്ചു മാറ്റിയപ്പോൾ ഗ്രേസ്

ഞെട്ടുന്നു. അത് സെറ്റഫൻ ആയിരുന്നു.അവൾക്ക്
സങ്കടം അടക്കാനായില്ല. തന്നെ ജീവനുതുല്യം
സ്നേഹിച്ച ആൾ ഇപ്പോൾ തന്നെ പിരിഞ്ഞു
പോയിരിക്കുന്നു. അടക്കാൻ പറ്റാത്ത സങ്കടം
ഗ്രേസിനെ തളർത്തി. അവൾ ആ വീട്ടിൽ വീണ്ടും
അനാഥയായി.പെട്ടെന്നാണ് അവൾ ഒരു
വീഡിയോ ക്യാമറ അവിടെ നിന്ന്
കണ്ടെത്തിയത് അത് പരിശോധിച്ചപ്പോൾ ഗ്രേസ്
നടുങ്ങി.തന്നെ അന്ന് ആക്രമിച്ച ഇവനും ജെറമിയും
ചേർന്നാണ് തന്റെ പ്രിയപ്പെട്ട സെറ്റഫനെ
കൊലപെടുത്തിയത് എന്ന് അവൾ
മനസ്സിലാക്കുന്നു. ഒരു നിമിഷം പോലും
ആലോചിക്കാതെ അവൾ പോലീസ്
സ്റ്റേഷനിലേക്ക് പോകുന്നു.എന്നാൽ അവിടെ
ചെന്നപ്പോൾ അവൾക്ക് വ്യത്യസ്ത അനുഭവമാണ്
ഉണ്ടായത്. ജെറിമിയേയും ഇവാനേയും അവൾ
അവിടെ കാണുന്നു. പണത്തിന്റെ
സ്വാധീനത്തിലായിരുന്ന ആ പോലീസുകാർ
കുറ്റമെല്ലാം ഗ്രേസിനെതിരെയാക്കുന്നു.അവളെ

അറസ്റ്റ് ചെയ്യാൻ ഉത്തരവാകുന്നു. താൻ സ്നേഹിച്ച തന്നെ സ്നേഹിച്ച സെറ്റഫനെ നഷ്ടപ്പെട്ട വേദനയും ഇപ്പോൾ ഇതാ തനിക്കെതിരെ ആ കൊലപാതക കുറ്റംചുമത്തിയിരിക്കുന്നു.ജയിലിലേക്ക് കൊണ്ടുപോകുന്ന വഴി കുറേ ന്യൂസ് റിപ്പോട്ടർമാർ അവളോട് ചോദ്യങ്ങൾ ചോദിക്കുന്നു. അവൾ എല്ലാ ചോദ്യത്തിനും ഒറ്റ വാക്കിൽ മറുപടി പറയുന്നു. "ലോകം കണ്ണടച്ചാൽ പിന്നെയെങ്ങനെ--യാണ് കാണുക.സത്യത്തെ മനസ്സിലാക്കുക". ഈ ക്രൂരമായ ലോകവും അതിനുള്ളിലുള്ള ആളുകളുടേയും ദുഷ്ട്ത കാരണം അവളും മരണത്തിനു കീഴടങ്ങുന്നു. സ്വന്തം സഹോദരനായ സെറ്റഫനെയാണ് ഇവാൻ കൊലപ്പെടുത്തിയത് എന്ന സത്യം ആരും അറിഞ്ഞില്ല.........

Parvathy.M
9C



# ചിപ്പുവിന്റെ മനസുഖം



പണ്ടു പണ്ട് അധികം ആരും അറിയപ്പെടാത്ത ഒരു ചെറിയ ഗ്രമം ഉണ്ടായിരുന്നു. ആ ഗ്രമത്തിന്റെ പേര് പാറകുന്ന് എന്നായിരുന്നു. പേര് പോലെത്തന്നെ കുറെ കുന്നുകളും മരങ്ങളും നിറഞ്ഞ അതിമനോഹര സ്ഥലമാണത്. നല്ല സ്നേഹമുള്ള നാട്ടുകാരാണ് അവിടെയുളളത്. നല്ല മനസ്സരും സഹായമുള്ളവരുമാണവർ.അതുപോലെ ഒരു കുഞ്ഞു വിടും അവിടെയുണ്ട്. ആ കൊച്ച വീട്ടിൽ നാല് പേരാണ് ഉള്ളത്. ചിപ്പുവും അവളുടെ അച്ഛൻ രാജുവും

അവളുടെ അമ്മ ശീലയും പിന്നെ രേഖ മുത്തശ്ശിയുമാണുള്ളത്. ഒരു ദിവസം ചിപ്പു ഉമ്മറത്ത് ഇരിക്കുകയായിരുന്നു.അപ്പോൾ അവൾ ഒരു ശബ്ദം കേട്ടു.പേക്രോം.... പേക്രോം.... അപ്പോൾ അവൾ മുത്തശ്ശിയോട് ചോദിച്ചു.

``മുത്തശ്ശീ മുത്തശ്ശീ``

``എന്താ ചിപ്പു``

``അതെ എനിക്കൊരു സംശയം``

``എന്താ``

``ഇപ്പോ ഒരു ശബ്ദം കേട്ടില്ലേ..അതെന്താ``

``അത് തവള മഴ വരാൻ പോകുന്നോണ്ട് ശബ്ദമുണ്ടാക്കിയതാണ്``

``ഓ....``

``ചിപ്പു ഞാൻ ഒരു ചോദ്യം ചോദിക്കട്ടെ..``

``അതിനെന്ത ചോദിക്ക്``

``ഒടിയാത്തവില്ല് അത് എന്താ?``

``എനിക്കറിയില്ല....``

``മുത്തശ്ശി പറയാം``

``ശരി``

``എന്നാ പറയാം ..കേട്ടോളൂ..!``

``എന്താ മുത്തശ്ശി വേഗം പറ``

``ആ ശരി പറയാം``

``മഴവില്ല്!``

``ഓ ഇതാണോ ഉത്തരം``

അങ്ങനെ അവർ ചിരിച്ചും തമാശ പറഞ്ഞും ഇരിക്കുമ്പോൾ പെട്ടെന്ന് അടുക്കളയിൽ നിന്ന ചിപ്പുവിന്റെ അമ്മ ശീല വിളിച്ച പറഞ്ഞു.

``രണ്ട് പേരും വാ..... നല്ല ചൂട് കഞ്ഞിയും ചൂട് പപ്പടവും തയ്യാറായിട്ടുണ്ട്.``

അങ്ങനെ മൂന്ന് പേരും കഞ്ഞി ആസ്വദിച്ച കൊണ്ടിരിക്കെ നല്ല മഴ പെയ്യുന്ന ശബ്ദം കേട്ടു.

അപ്പോൾ ചിപ്പു ചോദിച്ചു.

``അമ്മേ.. അച്ഛനെന്താ വരാത്തെ?``

``അപ്പോ ഭക്ഷണോ?``

``അച്ഛൻ കൊണ്ടു പോയി ``

നല്ല മഴയുള്ളത് കൊണ്ട് തണുപ്പ് ആസ്വദിച്ചാണ്

ചിപ്പു കിടന്നുറങ്ങിയത്. പിറ്റേന്ന് സ്കൂൾ അവധിയാണ്.

ചിപ്പു കാലത്തെ എഴുന്നേറ്റ് മുറ്റത്തേക്ക്

നോക്കിയപ്പോൾ മുറ്റം കുളം പോലെ

കിടക്കുന്നു.അതുകണ്ട് ചിപ്പു അകത്തുനിന്ന് കുറെ

കളിവഞ്ചിയുണ്ടാക്കിക്കൊണ്ടുവന്ന് മുറ്റത്തെ

വെള്ളത്തിൽ ഒഴുക്കി. അങ്ങനെ കുറെ നേരം ചിപ്പു

അത് കളിച്ചു രസിച്ചു.

**-Hamna Fathima N S**

**7B**



# മായാ കാഴ്ചകൾ

പ്രകൃതി പ്രകൃതിയുടെ മനോഹാരിത എത്രത്തോളം വർണ്ണിച്ചാലും മതിയാവില്ല . പൂക്കുലകളാൽ നിറഞ്ഞ് പൂത്ത് ശോഭ വിതറുന്ന ചെടികൾ . അതിൽ നിന്നും പൂമ്പോടി നുകരാൻ കാത്തിരിക്കുന്ന പൂമ്പാറ്റകൾ വണ്ടുകൾ . ഇളം കാറ്റ് എന്നെ മന്ദം മന്ദം തഴുകി അതിലെ കടന്ന്പോയി . ഇളംക്കാറ്റിലൂടെ തഴുകിവരുന്ന കിളിനാദം ഞാൻ കാതോർത്തു നിന്നു രസിച്ചു . വൃക്ഷങ്ങൾ പൂമരങ്ങൾ പക്ഷിമൃഗാതികൾ എല്ലാം പ്രകൃതിയുടെ അത്ഭുതകരമായ കാഴ്ചകളാണ്.പഴുത്ത മധുരഗന്ധം പരത്തുന്ന മാമ്പഴങ്ങൾ.മാമ്പഴങ്ങളെ നോക്കി കൊതിയൂണുന്ന അണ്ണാൻമാർ . ഇതെല്ലാം കണ്ട് ഞാൻ സ്തബ്ധയായി നിന്നു . ഒരു നിമിശം ഞാൻ ഈ ലോകം വിട്ട് വേറെവിടെയോ പാറി പറന്ന് പോയതു പോലെ തോന്നി.സൂര്യൻെറ പ്രകാശം ഭൂമിക്ക് പ്രകാശം നൽകുന്നു . അതുപോലെ തന്നെ പ്രകൃതിയിലേക്ക് ഇറങ്ങിച്ചെല്ലുമ്പോൾ എൻ്റ മനസിന് വെളിച്ചം നൽകുന്നു. പ്രക്രുതിയുമായി ഇണങ്ങി ചേർന്ന് ജീവിക്കാൻ കഴിയുമായിരുന്നെങ്കിൽ എന്നൊക്കെ ചിന്തിച്ചു പോകും

മിസരിയാ എ.കെ



# അതിമോഹം കൊണ്ട് അമളി പറ്റിയ എലി

ഒരിടത്ത് ഒരു എലി ഉണ്ടായിരുന്നു. അതിന് വളരെ വിശക്കുന്നുണ്ടായിരുന്നു. ആ എലി എവിടെയെങ്കിലും ഭക്ഷണം കിട്ടുമോ എന്ന് തിരഞ്ഞു നോക്കി. അങ്ങനെ അവന് ഒരു വിട് കണ്ടു എന്നിട്ട് ആ വിടിനുള്ളിലേക്ക് പ്രവേശിച്ചു. എന്നിട്ട് ആ വിട്ടിൽ എന്തെങ്കിലും തിന്നാൻ ലഭിക്കുമോ എന്ന് തിരഞ്ഞു. പെട്ടെന്ന് അവന് കുറേ ചോളത്തിന്റെ ഗന്ധം ലഭിച്ചു അവൻ ആഹ്ലാദം കൊണ്ട് തുള്ളിച്ചാടി മണം വരുന്ന സ്ഥലം തപ്പി പോയി. അങ്ങനെ അവൻ ചോളങ്ങളുടെ അടുത്തെത്തി. ഒരു വലിയ കുടയിൽ നിറയെ ചോളങ്ങൾ, അവൻ ആ കുടയിലേക്ക് കയറാൻ ശ്രമിച്ചു, പക്ഷേ അവനെക്കൊണ്ട് ആ കുടയിൽ കയറാൻ സാധിച്ചില്ല. അവൻ ആ കുടയുടെ ചുറ്റിലും നടന്നു നോക്കി. അപ്പോൾ അവൻ ആ കുടയിൽ ഒരു ദ്വാരം കണ്ടു. അതിലൂടെ അവൻ കുടയുടെ അകത്ത് കടക്കാൻ ശ്രമിച്ചു. അവൻ നുണ്ട് നുണ്ട് ആ കുടയിൽ കയറി. അവൻ ചോളങ്ങൾ വാരി കോരി തിന്നാൻ തുടങ്ങി. അവൻ കുറെ തിന്നതിനു ശേഷം പുറത്തേക്ക് ഇറങ്ങാൻ നോക്കി. പക്ഷേ അവൻ തിന്ന് തിന്ന് കമ്പ നിറഞ്ഞതു കാരണം അവന് പുറത്തിറങ്ങാൻ കഴിഞ്ഞില്ല. അപ്പോൾ അവൻ തിരുമാനിച്ചു, സാരമില്ല നാളെ രാവിലെ ഭക്ഷണം ദഹിച്ചതിനു ശേഷം ഇറങ്ങാം എന്ന് കരുതി, പിറ്റേ ദിവസം എഴുന്നേറ്റപ്പോൾ എലിക്ക് വിണ്ടും വിശക്കാൻ തുടങ്ങി. അവന് വിണ്ടും വിണ്ടും ചോളങ്ങൾ വാരി കോരി തിന്നു. വിണ്ടും പിറ്റേ ദിവസത്തേക്ക് കാത്തിരുന്നു. പക്ഷേ എങ്കിലും അവൻ മുമ്പ് ചെയ്യതുപോലെതന്നെ ആവർത്തിച്ചു. അവൻ പിന്നെ ആലോചിച്ചു, അല്ല എനിക്ക് ഇത് മുഴുവൻ തിന്നു തിർക്കാൻ പാടില്ലേ? അപ്പോൾ പിന്നെ ഇങ്ങനെ ഓരൊ ദിവസവും ഇവിടെ കിടക്കണ്ടല്ലോ എന്നും പറഞ്ഞ് അവന് ചോളങ്ങൾ മുഴുവൻ തിന്നു തിർത്തു. അവസാനം അവന്റെ കമ്പ വളരെ വലുതായി, ആ കുടയിൽ ഉണ്ടായിരുന്ന ദ്വാരത്തേക്കാൾ. അവസാനം അത്യാഗ്രഹിയായ എലി ആ കുടയിൽ വച്ചു തന്നെ ശ്വാസം മുട്ടി ചത്തുപോയി.

Sayoojya K.R

V11. C


Use recyclable bags
Dont use Single use
plant a Tree
Bad for animals and birds
BAN!
PLASTIC
Waste Sorting
Save ocean

# -പ്രകൃതിയെ പ്രണയിച്ച പെൺക്കുട്ടി

അവൾ ആദ്യമായി കണ്ട ആ വെള്ളച്ചാട്ടം അവളുടെ മനസ്സിനെ വളരെയധികം ആനന്ദിപ്പിച്ചു. അവിടുത്തെ ആ തണുപ്പും ആ മുകഗങ്ങളും എല്ലാം അവളുടെ മനസ്സിലേക്ക്‌ആ ആഴത്തിൽ നുണ്ടുകയറി.ആ കാഴ്ചകൾ മനസ്സിൽ കുളിർമ്മ നൽകി.പാറകല്ലുകളിൽ തട്ടിതട്ടി വെള്ളം താഴേക്ക് വരുന്ന ആ ശബ്ദം .അവിടുത്തെ ആ ഇളം കാറ്റ് കൊണ്ടുവരുന്ന ആ പ്രണയം മനസ്സിൽ വരുന്ന ആ തണുപ്പ് . കാറ്റിനോടൊപ്പം പ്രണയം പങ്കുവയ്ക്കുന്ന പലതരത്തിലുള്ള വർണങ്ങളാൽ ശോഭിച്ചു നിൽക്കുന്ന കാടുകളിലേക്ക് നണഞ്ഞുകയറുന്ന ശബ്ദവുമായി കിളികൾ . അതിനൊപ്പം നൃത്തം ചെയ്യുന്ന മയിലുകൾ . ആ ചെറിയ കാട്ടിലേക്ക് നടന്നു കയറുമ്പോൾ നമ്മുടെ ഒപ്പം വരുന്ന ആ പൂമ്പാറ്റകൾ. പച്ചപ്പു നിറഞ്ഞ ആ കാട്ടിലെ  ചെറിയ ചെറിയ കുറ്റിച്ചെടികളുടെ ഇടയിൽ കൂടി എത്തി നോക്കുന്ന വത്യസ്ത വർണ്ണങ്ങൾ കൊണ്ടും വത്യസ്തരീതികളാൽ മനോഹരമായ പൂക്കൾ. മരങ്ങളുടെ ഇടയിലൂടെ നോക്കുമ്പോൾ പച്ചപ്പുല്ലുവിരിച്ചതുപോലെയുള്ള മലകൾ അതിന്റെ താഴ്വാരത്തായി ഒരു ചെറിയ കടിൽ. അതിനിടയിലായി ഒരു വലിയ ഭാഗം മുഴുവനും ഒരു കടുമ്പത്തിൽ ജനിച്ചതും ഒരേ പോലെ വളർന്നു വരുന്നതുപോലെയുള്ള പച്ചപ്പുല്ലുകൾ പല്ലുകളുടെ ഇലകളിലൂടെ ഒഴുകിവരുന്ന മഞ്ഞുത്തുള്ളികളും,വെള്ള ത്തുള്ളികളും .അതുകഴിഞ്ഞു നടക്കുമ്പോഴാണ് അവൾ ഇതുവരേ കാണാത്ത ആ മൃഗം ഒരു മാൻ കൂട്ടമായിരുന്നു അത്.അവൾക്കു മാനുകൾ എന്നു പറഞ്ഞാൽ ജീവനാണ്.അവൾക്കു വലുതായാൽ ഓരു മൃഗ ഡോക്ടർ ആകണം എന്നായിരുന്നു ആഗ്രഹം.അതുകൊണ്ട് തന്നെ അവൾ കുറേനേരം അവരെ തന്നെ നോക്കിനിന്നു.ഇതെല്ലാം കഴിഞ്ഞ് അവൾ വെള്ളച്ചാട്ടത്തിന്റെ അടുത്തെത്തിയപ്പോഴേക്കും രാത്രിയാവാറായിരുന്നു. അതുകൊണ്ട് തന്നെ

സൂര്യൻ കത്തിജ്വലിച്ചു നിന്നിരുന്നു. അതുകണ്ടുകഴിഞ്ഞപ്പോഴേക്കും വെള്ളച്ചാട്ടത്തിന്റെ അടുത്ത് കൂടെ ലൈയ്റ്റുകൾ ഉണ്ടായിരുന്നു.ഇതെല്ലാം കഴിഞ്ഞ് ഞങ്ങൾ മനസ്സില്ലാ മനസോടെ പ്രകൃതിയേ വിട്ടു തിരികെ വീട്ടിലെത്തി

മാളവിക വി.എം



# ഊർജ്ജസംരക്ഷണം

ഡിസംബർ 14 ന് ഊർജ്ജ സംരക്ഷണ ദിനമായി നമ്മൾ ആചരിക്കുന്നു. ഊർജ്ജത്തിന്റെ പല രൂപങ്ങളിലുള്ള ഉപയോഗമാണ് ഭൂമിയിലെ മനുഷ്യ ജീവിതത്തിന്റെ അനസ്യൂതമായ പ്രയാണത്തിന്റെ അടിസ്ഥാനം. മനുഷ്യവംശത്തിൻന്റെ ഗതിയെ തന്നെ തിരിച്ചു വിട്ട ഊർജ്ജ രംഗത്തെ രണ്ടു സുപ്രധാന കണ്ടുപിടുത്തങ്ങളായിരുന്നു ജെയിംസ് വാട്ടിന്റെ ആവിയന്ത്രവും മൈതൽ ഫാരഡെ വൈദ്യുതിയുടെ കൃതിമോൽപാദനം സാധ്യമാക്കിയതും . ആധുനിക മനുഷ്യന് വൈദ്യുതി ഇന്ധനം എന്നിവ ഒഴിവാക്കാനാകാത്ത ഘടകങ്ങളാണ് . ലോകത്തെമ്പാടും ഉപയോഗിക്കുന്ന ഊർജ്ജ സ്രോതസ്സുകളിൽ മുൻപന്തിയിൽ നിൽക്കുൽ എണ്ണ, കൽക്കരി,പ്രകൃതി വാതകം, തുടങ്ങിയ പുതുക്കപ്പെടാനാവാത്ത ഖനിജ ഇന്ധനങ്ങളാണ് . വർദ്ധിച്ചു വരുന്ന ജനസംഖ്യയും , വാഹനപ്പെരുപ്പവും , വ്യവസായങ്ങളും ഈ പ്രകൃതി ദത്ത ഊർജ്ജത്തിന്റെ ഉപയോഗത്തിൽ നിയന്ത്രണാതീതമായ വാദ്ധനയാണ്

വരുത്തിവെച്ചിരിക്കുന്നത് . ഊർജ്ജസംരക്ഷണം എന്നത് ഇന്ന് ഒരു ആഗോള ആവശ്യമായി മിറിയിരിക്കുകയാണ്. മിക്ക ലോക രാജ്യങ്ങളും ഇതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നുണ്ട് . നമ്മുടെ ആവശ്യങ്ങളും സൗകര്യങ്ങളും പൂർണ്ണമായും ഉപേക്ഷിക്കുക എന്നതല്ല, മറിച്ച് ഊർജ്ജത്തിൻെറ ദുരുപയോഗം തടയലും, ലഭ്യമായ ഊർജ്ജം ഏറ്റവും കാര്യക്ഷമമായി ഉപയോഗിക്കുക എന്നതുമാണ് ഊർജ്ജ സംരക്ഷണം എന്നത് കൊണ്ട് അർഘ്തമാക്കുന്നത്. 1991 മുതൽ ദേശീയ തലത്തിൽ ഡിസംബർ 14 ദേശീയ ഊർജ്ജ ദിനമായി ആചരിക്കപ്പെടുന്നു.

>ഉർജ്ജത്തിൻെറ ഉപയോഗം സംബന്ധിച്ച് ജനങ്ങളെ ബോധവാൻമാരാക്കുക.

>ഊർജത്തിൻെറ ഉപയോഗം പരിമിതപ്പെടുത്തുക.

>അനാവശ്യ ഊർജ്ജ ഉപയോഗം ഇല്ലാതാക്കുക.

> പാരമ്പര്യേതര ഊർജ്ജ സംവിധാനങ്ങളും ഊർജ്ജ മാർഗ്ഗങ്ങളും ഉപയോപ്പെടുത്തുക.

ഇങ്ങനെ മേൽപറഞ്ഞ കാര്യങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുക എന്നതാണ് ഈ ദിനാചാരണത്തിൻെറ അടിസ്ഥാനപരമായ ലക്ഷ്യം. വൈദ്യുതി ഉപയോഗം മൂലം നമുക്കുണ്ടാകുന്ന സാമ്പത്തിക ഭാരം കുറയ്ക്ക്ുന്നതിനും അതിലൂടെ വരും തലമുറക്കായി ഊർജ്ജം കരുതിവെക്കുകയും ചെയ്യുന്നതിനുള്ള ഏകമാർഗ്ഗം ഓരോ വ്യക്തിക്കും ഊർജ്ജ ഉപയോഗം പരമാവധി കുറയക്കുക എന്നത് മാത്രമാണ് .

Submitted by
Ayisha nowrin E.A
X.C

DHYAN



# Frog price

പണ്ട് പണ്ട് ഒരു രാജ്യത്ത് അധിപാനായിരുന്ന രാജാവ്
ഉണ്ടായിരുന്നു . ധീരനും,ബുദ്ധിമാനുമായ രാജാവിന്
രാജ്യത്തുള്ളവർ വളരെയേറെ ഇഷ്ടപ്പെട്ടിരുന്നു . രാജാവിന് മൂന്ന്
പെൺകുട്ടികൾ ഉണ്ടായിരുന്നു. മൂവാ-
രും പൂക്കളെപോലെ സുന്ദരികളായിരുന്നു. അതിൽ
ഏറ്റവും സുന്ദരിയായിരുന്നത് മൂന്നാമാത്തെ
രാജാകുമാരിയായിരുന്നു. രാജാവിൻെറ മൂന്നാമത്തെ മക്കളുടെ
പിറന്നാൾ സമ്മാനം നൽകിയത് സ്വർണ്ണപ്പന്താണ്.
ഉദ്യാനത്തിൽ കളിക്കുവാൻ സ്വർണ്ണപ്പന്തുമായി പോകുമായിരുന്നു .
രാജാകുമാരി ഏറ്റവും കൂടുതൽ ചിലവാഴിക്കുന്ന സ്ഥലം
പൂന്തോട്ടത്തിലായിരുന്നു .അവിടെ ഒരു വലിയ ഒരു താടാകം
ഉണ്ടായിരുന്നു . താടാകത്തിൽ നിറയോ മീനുകളും ജീലധാരയും
ഉണ്ടായിരുന്നു . ഒരു ദിവസം രാജാകുമാരി പന്തുമായി
പൂന്തോട്ടത്തിൽ കളിക്കുവാൻ പോയി . അവൾക്ക് ഏറെ
ഇഷ്ടമായിരുന്നത് പന്ത് മുകളിലേക്കും താഴേക്കും ഏറിയുന്നതാണ്
ഇഷ്ടം . അങ്ങനെ രാജാകുമാരി കളിച്ചുകൊണ്ടിരിമ്പോൾ പന്ത്
താഴോക്ക് ഉരുണ്ട് ഉരുണ്ട് താടാകത്തിൽ മുങ്ങിപോയി . അവള്
കുറെ ശ്രമിച്ചു പക്ഷെ ആ പന്ത് അവൾക്ക് എടുക്കാൻ
സാധിക്കുന്നുണ്ടായിരുന്നില്ല . ശ്രൂ...ശ്രൂ..... എന്ന ശബ്ദം
രാജാകുമാരി കേട്ടു . ആ ശബ്ദം  എവിടെ നിന്ന് ആണ് കോട്ടത്
എന്ന് അവൾ നോക്കുകയാണ് .ഞാൻ നിന്നെ സഹായിക്കാം
പകരം  ഞാൻ പറയുന്നത് നീ കേൾക്കുമോ .

അവൾ ചോദിച്ചു നീ ആരാണ് ? നിന്നെ എനിക്ക് കാ
കഴിയുന്നില്ല. രാജാകുമാരി താഴേക്ക് നോക്കു. രണ്ട് ഉ
കണ്ണുകൾ മെലിഞ്ഞ പച്ച നിറത്തിലുള്ള ശരീരം അ
അത്ഭുതപ്പെട്ടു . ഒരു തവളയാണ് തന്നോട് സംസാരിക്കു
താൻ കാണുന്നത് സ്വപ്നമാണോ എന്ന് അവൾ വിചാരിച്ചു
ചോദിച്ചു നീ ഞാൻ പറയുന്നത് അനുസരിക്കുമോ എ
രാജാകുമാരിയോട് തവള ചോദിച്ചു ?